LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയം നിർമ്മാണത്തിന് സാമ്പത്തിക സഹായം

125 [1138] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് ബാലുശ്ശേരി പഞ്ചായത്തിൽ പണി നടന്നു കൊണ്ടിരിക്കുന്ന സ്റ്റേഡിയം നിർമ്മാണത്തിന് കേരളാ സ്പോർട്സ് കൗൺസിലിൽ നിന്നോ സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തുക അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നും കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള സാമ്പത്തിക സഹായത്തിനായി സ്പോർട്സ് കൗൺസിലിൽ ലഭിച്ച നിർദ്ദേശം സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലാണ്. കളിസ്ഥല നിർമ്മാണത്തിനായുള്ള ധനസഹായത്തിനുള്ള പദ്ധതിയും രൂപരേഖയും ധനസഹായത്തിനുള്ള അപേക്ഷാഫാറവും സ്പോർട്സ് കൗൺസിൽ പഞ്ചായത്തിന് അയച്ചു കൊടുത്തിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാഫാറവും മറ്റുരേഖകളും ലഭിക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ചതിനുശേഷമേ എത്ര തുക അനുവദിക്കാമെന്നുള്ളത് നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

സ്പോർട്സ് കൗൺസിൽ പിരപ്പൻകോട് നിർമ്മിക്കുന്ന നീന്തൽ സമുച്ചയം

126 [1139] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പിരപ്പൻകോട് നിർമ്മിക്കുന്ന അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മൂന്നു വർഷമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഞ്ചുകോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നതും പകുതിയോളം പണി നടന്നു കഴിഞ്ഞതുമായ പ്രസ്തുത പ്രോജക്ടിന്റെ ബാക്കി പണി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാക്കി പണി എത്രയും വേഗം പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)